പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 751 | 10.02.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഡയാലിസിസ് സെന്റർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടും നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബഹു. എം. എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച എസ്റ്റിമേറ്റ്, ധനവകുപ്പ് പരിശോധിക്കുകയും, തസ്തിക സൃഷ്ടിക്കൽ ആവശ്യമായി വരുമെന്നതിനാൽ ഭരണാനുമതി നൽകുകയുണ്ടായില്ല. |
| ബി) | തെക്കേക്കര കുറത്തികാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.യുടെ നിർദ്ദേശാനുസരണം പുതിയ കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കെട്ടിടത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | കുറത്തികാട് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ എം. എൽ.എ യുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഐ.പി കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ഫ്ലോറിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ എന്നിവ നടന്നിട്ടില്ല. സെപ്റ്റിക് ടാങ്ക് നിർമ്മിച്ചിട്ടില്ല. ഐ. പി. യ്ക്ക് ആവശ്യമായ ജീവനക്കാരില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുകയും ആവശ്യത്തിന് ജീവനക്കാരെ ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ